## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4794** — **02-07-2024 - ൽ മറുപടിയ്ക്ക്**

## ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കലാകായിക, സാഹിത്യ, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗ്ഗീയതയിലേക്കും ലഹരിയിലേക്കും എത്തിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അത്തരം വ്യാപകമായ പ്രവണത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാലും ചില പ്രവണതകൾ കാണുന്നുണ്ട്. യുവജനങ്ങളെ പൊതുധാരയിലേക്ക് അടുപ്പിക്കുന്നതിനും വർഗ്ഗീയതയിൽ നിന്നും, ലഹരിയിൽ നിന്നും അകറ്റി നിർത്തുന്നതിനുമായി നാട്ടിലെ ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ബോധവത്കരണം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കി വരുന്നു. കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലെയും നിയമസഭാമണ്ഡലങ്ങളിലെ സ്കൂൾ, കോളേജ്, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രമാക്കി **'ഉയിർപ്പ്'** എന്ന പേരിൽ ലഹരിവിരുദ്ധ കലാജാഥ സംഘടിപ്പിച്ചിട്ടുണ്ട്. ഫ്ലാഷ് മോബ്, സംഗീതശിൽപം, നാടകം, തെരുക്കൂത്ത്, മയക്കമരുന്നിനെതിരായ ലഘുലേഖാ വിതരണം, പ്രഭാഷണം എന്നിവ ഉൾപ്പെടെ ഒരു മണിക്കൂറോളം നീളുന്ന കലാപരിപാടികൾ ഉൾപ്പെടുത്തിയാണ് കലാജാഥ സംഘടിപ്പിച്ചത്. |
| (ബി) | എങ്കിൽ ഇത്തരം യുവജനങ്ങളെ പൊതുധാരയിലേക്ക് അടുപ്പിക്കുന്നതിനുവേണ്ടി നാട്ടിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ എന്തെല്ലാം സഹായങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | അത്തരം വ്യാപകമായ പ്രവണത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാലും ചില പ്രവണതകൾ കാണുന്നുണ്ട്. യുവജനങ്ങളെ പൊതുധാരയിലേക്ക് അടുപ്പിക്കുന്നതിനും വർഗ്ഗീയതയിൽ നിന്നും, ലഹരിയിൽ നിന്നും അകറ്റി നിർത്തുന്നതിനുമായി നാട്ടിലെ ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ബോധവത്കരണം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കി വരുന്നു. കൂടാതെ കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | | | യുവജനക്ഷേമ ബോർഡ് ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലെയും നിയമസഭാമണ്ഡലങ്ങളിലെ സ്കൂൾ, കോളേജ്, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രമാക്കി **'ഉയിർപ്പ്'** എന്ന പേരിൽ ലഹരിവിരുദ്ധ കലാജാഥ സംഘടിപ്പിച്ചിട്ടുണ്ട്. ഫ്ലാഷ് മോബ്, സംഗീതശിൽപം, നാടകം, തെരുക്കൂത്ത്, മയക്കുമരുന്നിനെതിരായ ലഘുലേഖാ വിതരണം, പ്രഭാഷണം എന്നിവ ഉൾപ്പെടെ ഒരു മണിക്കൂറോളം നീളുന്ന കലാപരിപാടികൾ ഉൾപ്പെടുത്തിയാണ് കലാജാഥ സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ